**ക്ഷീരവികസന വകുപ്പ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**ഹാജർ : ഡോ. സുമി ചെറിയാൻ കെ.എ.എസ്.**

ക്ഷീരവികസന വകുപ്പ് - ഡയറക്ടറേറ്റ് - തിരുവനന്തപുരം - ജീവനക്കാര്യം - ശ്രീ. കെ. വിജയൻ നായർ (പെൻ. 515536), ലാബ് അസിസ്റ്റന്റ്, ഗുണ നിയന്ത്രണ കാര്യാലയം, പത്തനംതിട്ട-യെ വകുപ്പിൽ നിന്നും വിടുതൽ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ക്ഷീരവികസന വകുപ്പ്

നം.DDDKER/1867/2025-E1 തിരുവനന്തപുരം, തീയതി : 05-05-2025

---

പരാമർശം:- 1. ക്ഷീരവികസന വകുപ്പ് പത്തനംതിട്ട ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 02.05.2025 ലെ DDPTA/210/2025-B നമ്പർ കത്തും സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറുടെ 23.04.2025 ലെ SWTDHO/159/2023-E1 നമ്പർ ഉത്തരവും.

**ഉത്തരവ്**

മേൽസൂചന (1) പ്രകാരമുള്ള കത്ത്, ഉത്തരവ് എന്നിവ പ്രകാരം സംസ്ഥാന ജലഗതാഗത വകുപ്പിൽ എൽ.ഡി. കാഷ്യർ തസ്തികയിൽ നിയമനം ലഭിച്ച പത്തനംതിട്ട ജില്ലാ ഗുണനിയന്ത്രണ കാര്യാലയത്തിലെ ലാബ് അസിസ്റ്റന്റായ ശ്രീ. കെ. വിജയൻ നായർ (പെൻ. 515536)-നെ വകുപ്പിൽ നിന്നും വിടുതൽ ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്ന് ക്ഷീരവികസന വകുപ്പ് പത്തനംതിട്ട ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ അപേക്ഷിച്ചിരുന്നു.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ, ശ്രീ. കെ. വിജയൻ നായർ (പെൻ. 515536), ലാബ് അസിസ്റ്റന്റിന്റെ പേരിൽ മറ്റ് ബാദ്ധ്യതകളൊന്നും ഇല്ലെന്ന് ഉറപ്പുവരുത്തിയും ഭാവിയിൽ എന്തെങ്കിലും ബാദ്ധ്യതകൾ കണ്ടെത്തുകയോ അർഹതയ്ക്ക് വിധേയമല്ലാതെ അധിക തുക കൈപ്പറ്റിയിട്ടുണ്ടെന്ന് കണ്ടെത്തുകയോ ചെയ്താൽ ആയത് സർക്കാരിലേക്ക് തിരികെ ഒടുക്കുവാൻ സമ്മതമാണെന്ന് അറിയിച്ചുകൊണ്ടുള്ള ഒരു സത്യവാങ്മൂലം ((Undertaking) 200/- രൂപയുടെ മുദ്രപത്രത്തിൽ ഒരു ബോണ്ട് വാങ്ങി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശം നൽകിയും ടിയാനെ ക്ഷീരവികസന വകുപ്പിൽ നിന്നും വിടുതൽ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബോണ്ടിന്റെ ഒരു പകർപ്പ് പത്തനംതിട്ട ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ

സൂക്ഷിച്ച് അസ്സൽ ബോണ്ടും ടിയാനെ വിടുതൽ ചെയ്ത് പുറപ്പെടുവിക്കുന്ന ഉത്തരവ് പകർപ്പും പത്തനംതിട്ട ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ഒട്ടും കാലതാമസം കൂടാതെ ഈ കാര്യാലയത്തിലേക്ക് അയച്ചുതരേണ്ടതാണ്.

Signed by
Sumi Cherian
Date: 05-05-2025 13:03:59

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ K.A.S.**
**(പെൻ. 636653)**

To: - ശ്രീ. കെ. വിജയൻ നായർ (പെൻ. 515536), ലാബ് അസിസ്റ്റന്റ്, ഗുണ നിയന്ത്രണ കാര്യാലയം, പത്തനംതിട്ട (ഓഫീസ് മേലധികാരി മുഖേന)

പകർപ്പ് :-

1) ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസന വകുപ്പ് ജില്ലാ കാര്യാലയം, പത്തനംതിട്ട.

2) ഗുണനിയന്ത്രണ ഓഫീസർ, പത്തനംതിട്ട (ഡി.ഡി. മുഖേന).

3) ഡയറക്ടറുടെ മേശപ്പുറത്ത്.

4) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ മേശപ്പുറത്ത്.

5) ജോയിന്റ് ഡയറക്ടർമാർ (ജനറൽ, പ്ലാനിംഗ്).

6) ഈ കാര്യാലയത്തിലെ മറ്റെല്ലാ ഓഫീസർമാർക്കും.

7) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.

8) ഇ സെക്ഷൻ സീനിയർ സൂപ്രണ്ട്.

9) ഡെയറി ഫാം ഇൻസ്ട്രക്ടർ, TC & IT സെൽ, ഡയറക്ടറേറ്റ് (വെബ്-സൈറ്റിൽ അപ്ഡേറ്റ് ചെയ്യുന്നതിന്).

10) സഞ്ചയം.

11) ശേഖരസഞ്ചയം.